**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6137** **09-11-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കൊമ്മള്ളി-മുല്ലപ്പള്ളി ജലനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിലെ കൊമ്മള്ളി-മുല്ലപ്പള്ളി ജലനിധി പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിലെ കൊമ്മിളി -മുല്ലപ്പള്ളി പദ്ധതി കമ്മീഷൻ ചെയ്തെങ്കിലും ജലഗുണനിലവാര പ്രശ്നങ്ങൾ കാണപ്പെട്ടതിനാൽ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി ഫിൽട്ടർ ട്രീറ്റ്മെന്റ് സ്ഥാപിച്ച് കമ്മീഷൻ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ജലഗുണനിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഗാർഹിക തലത്തിൽ ഉപയോഗിക്കാവുന്ന ടെറാഫിൽ ഫിൽറ്റർ യൂണിറ്റുകൾ ഈ പദ്ധതിയിലെ മുഴുവൻ വീടുകൾക്കും അനുവദിച്ചിരുന്നു.എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത ടെറഫിൽ യൂണിറ്റുകൾ ഉപയോഗപ്പെടുത്തുന്നതിൽ വിസമ്മതം അറിയിച്ചതിനാൽ ഗാർഹികാടിസ്ഥാനത്തിലുള്ള ടെറാഫിൽ യൂണിറ്റുകൾക്ക് പകരം സ്കീം അടിസ്ഥാനത്തിൽ ഒരു ഫിൽറ്റർ യൂണിറ്റ് സുസ്ഥിരത പദ്ധതിയിൽ ഉൾകൊള്ളിച്ച് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം കൊമ്മിളി മുല്ലപ്പള്ളി പദ്ധതിയുടെ ജലഗുണനിലവാരപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11.5 ലക്ഷം രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുള്ള രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സുസ്ഥിരത വികസന പാദ്ധതി അനുസരിച്ച് 10% ഗുണഭോക്തൃ വിഹിതവും 15% പഞ്ചായത്ത് വിഹിതവും സമാഹരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് മേൽ വിഹിതം എടുക്കുന്നതിൽ ബുദ്ധിമുട്ട് അറിയിച്ചതിനാൽ അവ ഒഴിവാക്കുന്നതിനും ആവശ്യമായ ഫിൽറ്റർ സംവിധാനം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ